(1)	(2)
അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)	19
സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	297
സബ് എഞ്ചിനീയർ (സിവിൽ)	69
ഓവർസീയർ (ഇലക്ട്രിക്കൽ)	265
ഓവർസീയർ (സിവിൽ)	71
അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	19
സീനിയർ സൂപ്രണ്ട്	262
സീനിയർ അസിസ്റ്റന്റ്	955
ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ	688
സ്റ്റെനോഗ്രാഫർ	19
പേഴ്സണൽ അസിസ്റ്റന്റ്	9
ഹെയർ കോപ്പി സൂപ്രണ്ട്	3
ജൂനിയർ ഹെയർ കോപ്പി സൂപ്രണ്ട്	74
വെഹിക്കിൾ സൂപ്പർവൈസർ	3
ഡ്യൂപ്ലിക്കേറ്റ് ഓപ്പറേറ്റർ	2
ഓഫീസ് അറ്റൻഡന്റ്	473
ഡ്രൈവർ	450
സ്കാവൻജർ	9
വാച്ച്മാൻ	257

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രൊമോഷൻ തടഞ്ഞ നടപടി

56 (948) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നത് തടഞ്ഞിട്ടുണ്ടോ ;

(ബി) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ കോടതിയിൽ അപ്പീൽ നൽകിയിരുന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ അപ്പീൽ നൽകാതിരുന്നതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ഉദ്യോഗസ്ഥന്മാർക്ക് പ്രമോഷൻ നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതി വിധി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി&സി) ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുകൊണ്ടിരിക്കെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച രണ്ടുപേർ ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ എസ്. എൽ. പി. ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ഹൈക്കോടതിയിൽ ബോർഡ് സ്വീകരിച്ച നിലപാടുതന്നെ സുപ്രീംകോടതിയിലും സ്വീകരിക്കാൻ വേണ്ടി സുപ്രീം കോടതിയിലെ ബോർഡിന്റെ സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി നിയമനം നൽകപ്പെട്ടവർക്ക് പ്രൊമോഷൻ നൽകുന്നത് നിലവിലുള്ള ഹൈക്കോടതി വിധി അനുസരിച്ചായിരിക്കും. ആയത് സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട എസ്. എൽ. പി. യുടെ വിധിക്കും വിധേയമായിരിക്കും.

സ്വകാര്യമേഖലയിൽ ജലസേചന പദ്ധതികൾ

57 (949) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ ജലസേചന പദ്ധതികൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങളാണ് ജലസേചന പദ്ധതികൾ സ്ഥാപിക്കുന്നതിനായി അനുമതി നേടിയിട്ടുള്ളത് ;

(സി) എത്ര സ്ഥാപനങ്ങളാണ് ജലസേചന പദ്ധതികൾ സ്ഥാപിക്കാൻ യോഗ്യത നേടിയിട്ടുള്ളത് ; അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ കേരളത്തിനകത്തുള്ള സ്ഥാപനങ്ങൾ ഏതെല്ലാം ആണെന്നും കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ഇ) സ്വകാര്യ ജലസേചന പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ ഈ സ്ഥാപനങ്ങളുമായി സർക്കാർ എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly